# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 18 10/06/2013-ൽ മറുപടിക്ക്

## അട്ടപ്പാടിയിലെ ആദിവാസികളുടെ ദുരിതം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, എം. ചന്ദ്രൻ<br>,, കെ. വി. വിജയദാസ്<br>ശ്രീമതി കെ. എസ്. സലീഖ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | തൊഴിലും ഭക്ഷണവും ചികിത്സയുമില്ലാതെ അട്ടപ്പാടിയിലെ ആദിവാസികൾ ദുരിതത്തിലായിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ | ഉണ്ട് |
| ബി | തുടർച്ചയായ ശിശുമരണങ്ങളിലൂടെ അത്യന്തം ഗുരുതരമായ അവസ്ഥയിലായിരിക്കുന്ന അട്ടപ്പാടി ആദിവാസി ഊരുകളിൽ സന്ദർശനം നടത്തിയ വിവിധ ഏജൻസികളുടെ റിപ്പോർട്ടുകൾ വിലയിരുത്തുകയുണ്ടായോ ; എങ്കിൽ വിശദമാക്കാമോ; | ബി | ഉണ്ട്. അട്ടപ്പാടിയിലെ ശിശുമരണത്തെക്കുറിച്ച് ആരോഗ്യം, സാമൂഹ്യനീതി, എൻ.ആർ.എച്ച്.എം, എന്നീ വകുപ്പുകൾ പഠനങ്ങൾ നടത്തി പരിഹാര നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ പട്ടികവർഗ്ഗക്കാർക്കും ആരോഗ്യ പരിചരണം ലഭിക്കുന്നതിനായി ഡോക്ടർമാരുടെയും പാരാമെഡിക്കൽ ജീവനക്കാരുടെയും അധിക തസ്തികകൾ സൃഷ്ടിച്ചു. ഒഴിഞ്ഞുകിടന്ന തസ്തികകളിൽ ജീവനക്കാരെ നിയമിച്ചു. എല്ലാ സങ്കേതങ്ങളിലും മെഡിക്കൽ ക്യാമ്പ് നടത്തുന്നതിനും നടപടി സ്വീകരിച്ചു. പ്രത്യേക പരിചരണം ആവശ്യമായ വിളർച്ച ബാധിച്ചവർക്കായി ആരോഗ്യ വകുപ്പ് ന്യൂട്രിഷൻ റീഹാബിലിറ്റേഷൻ സെന്റർ ആരംഭിച്ചു. കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് ഫെസിലിറ്റി ഏർപ്പെടുത്തി. ഗർഭിണികൾ, കൗമാരപ്രായക്കാർ, 1 മുതൽ 6 വയസ്സ് വരെ പ്രായത്തിലുള്ളവർ, എന്നിവർക്ക് അംഗൻവാടി വഴിയുള്ള പൂരക ഭക്ഷണം ഉറപ്പാക്കി. എല്ലാ കുടുംബത്തിനും 10 കിലോ അരി, 2 കിലോ പയർ വീതം നൽകി. അടുത്ത നാലു മാസത്തേക്ക് പ്രതിമാസം 10 കിലോ റാഗി, 2 കിലോ വീതം ചെറുപയർ/കടല/തുവര എന്നിവ നൽകുന്നതിന് നടപടി സ്വീകരിച്ചു. |

| | | | |
|---|---|---|---|
| സി | ആദിവാസി മേഖലയിൽ പ്രവർത്തിക്കുന്ന സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിലച്ചുപോയ പദ്ധതി പ്രവർത്തനങ്ങൾ പുനരാരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ? | സി | ഉണ്ട്. അട്ടപ്പാടിയിൽ മുഴവൻ സർക്കാർ ഏജൻസികളുടെയും പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഡോ. എസ്. സുബ്ബയ്യ, ഐ.എ.എസ്. (റിട്ട.) നെ സ്പെഷ്യൽ ഓഫീസറായി നിയോഗിച്ചിട്ടുണ്ട്. അദ്ദേഹം അട്ടപ്പാടിയിലെ വിവിധ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും, വിവിധ വകുപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് നേതൃത്വം നൽകുകയും ചെയ്തുവരുന്നു. |

**സെക്ഷൻ ഓഫീസർ**